## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2710 — 12.10.2011 ലെ മറുപടിക്ക്

### ക്രമരഹിത വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എ.റ്റി. ജോർജ്** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) | പാറശ്ശാല മണ്ഡലത്തിലെ പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 663-ൽ നിന്നും ശ്രീമതി. ദീപ എൻ.എസ്, ശ്രീ. രമേഷ് കുമാർ, സൂര്യശ്രീ നെടിയാംകോട് എന്നിവർക്ക് (6391, കെ.സി.സി. 3011, 6392 കെ.സി.സി.3012) മെമ്പർഷിപ്പും വായ്പയും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നും, ഇവർ മെമ്പർഷിപ്പിനും, ലോണിനും, ലോൺ ജാമ്യത്തിനും ഹാജരാക്കിയ രേഖകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | എ) | പാറശ്ശാല മണ്ഡലത്തിൽ പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 663-ൽ നിന്നും ശ്രീമതി. ദീപ.എൻ.എസ്, ശ്രീ. രമേഷ് കുമാർ, (സൂര്യശ്രീ, നെടിയാംകോട്) എന്നിവർക്ക് യഥാക്രമം 2,00,000/- രൂപ വീതം 03.05.2010-ൽ ബാങ്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ശ്രീ. രമേഷ് കുമാർ (അംഗ നമ്പർ 6391, വായ്പാ നമ്പർ 3010), ശ്രീമതി. ദീപ. എൻ.എസ് (അംഗ നമ്പർ 6392, വായ്പാ നമ്പർ 3011) ഇവർ മെമ്പർഷിപ്പിനും ലോണിനും ഹാജരാക്കിയ രേഖകൾ അനുബന്ധം I ആയി സമർപ്പിക്കുന്നു. |
| ബി) | പ്രസ്തുത ബാങ്ക് പരിധിയിൽ താമസിക്കാത്തവർക്കും, ബാങ്ക് പരിധിയിൽ വസ്തു ഇല്ലാത്തവർക്കും മെമ്പർഷിപ്പും ലോണും നൽകിയത് സഹകരണ നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | ടി ആളുകൾക്ക് അംഗത്വവും വായ്പയും നൽകിയിട്ടുള്ളത് സംഘത്തിന്റെ പ്രവർത്തന പരിധിയുടെ മേൽവിലാസത്തിലാണ്. കേരള സഹകരണ നിയമം വകുപ്പ് 16 പ്രകാരം സ്ഥിരതാമസമോ പ്രവർത്തന പരിധിയിൽ ഭൂമി ഉണ്ടെങ്കിലോ അംഗത്വത്തിന് അർഹതയുണ്ട്. |
| സി) | അന്യസംസ്ഥാനത്ത് വിവാഹം കഴിച്ച് താമസിക്കുന്നവർക്ക് പ്രസ്തുത വ്യാജ വിലാസത്തിൽ മെമ്പർഷിപ്പും ലോണും നൽകിയതിന്റെ കാരണം ലഭ്യമാക്കുമോ; | സി) | പരിശോധിക്കുന്നതാണ്. |
| ഡി) | പ്രസ്തുത മെമ്പർഷിപ്പും ലോണും ശുപാർശ ചെയ്ത ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർ എന്നിവർ ആരാണെന്നും ലോൺ അപേക്ഷയിൽ ഫീൽഡ് അന്വേഷണം നടത്തിയ ജീവനക്കാരന്റെ റിപ്പോർട്ടും ലഭ്യമാക്കുമോ; | ഡി) | ശ്രീമതി. ദീപ. എൻ.എസ്, ശ്രീ. രമേഷ് കുമാർ എന്നീ വ്യക്തികൾക്ക് മെമ്പർഷിപ്പിനും ലോണിനും ശുപാർശ ചെയ്തത് ഡയറക്ടർ ബോർഡ് അംഗവും നിലവിലെ പ്രസിഡന്റുമായ അഡ്വ. ശ്രീ. എസ്. അജയ കുമാറാണ്. ലോൺ അപേക്ഷയിൽ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നത് ബാങ്ക് സെക്രട്ടറി ശ്രീമതി. വനജകുമാരി ആകുന്നു. ലോൺ അപേക്ഷയിൽ അന്വേഷണം നടത്തിയ സെക്രട്ടറിയുടെ റിപ്പോർട്ട് അനുബന്ധം II ആയി സമർപ്പിക്കുന്നു. |

ഇ) അപേക്ഷകർ റേഷൻകാർഡ്, ഇലക്ഷൻ ഐ.ഡി.കാർഡ് എന്നിവയുടെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടോ; അതിലെ വിലാസവും വായ്പാ ലോണിലെ വിലാസവും ഒന്നാണോ; വ്യക്തമാക്കുമോ;

ഇ) ശ്രീമതി. ദീപ. എൻ.എസ്, ശ്രീ. രമേഷ് കുമാർ എന്നിവരുടെ വായ്പാ അപേക്ഷകളിൽ റേഷൻ കാർഡ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ് എന്നിവയുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല. പകർപ്പ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വായ്പാ അപേക്ഷയിലെ വിലാസവും റേഷൻ കാർഡ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ് എന്നിവയിലെ വിലാസവും ഒന്നാണോ എന്ന് അറിയുന്നതിന് സാധിച്ചിട്ടില്ല.

എഫ്) സൂര്യശ്രീ നെടിയാംകോടിന്റെ കെട്ടിട നമ്പർ എത്രയാണെന്നും പ്രസ്തുത കെട്ടിടം പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം ആരുടെ പേരിലാണെന്നും വ്യക്തമാക്കുമോ;

എഫ്) സൂര്യശ്രീ, നെടിയാംകോടിന്റെ കെട്ടിട നമ്പർ PP1/728 ഉം പഞ്ചായത്ത് രേഖകൾ പ്രകാരം പ്രസ്തുത കെട്ടിടം ശ്രീ. എസ്. ബാബുനാഥിന്റെ പേരിലുമാണ്.

ജി) ബാങ്ക് പരിധിയിൽ സ്വന്തമായി വീടോ, ഭൂമിയോ ഇല്ലെങ്കിലും ലോണും മെമ്പർഷിപ്പും നൽകാൻ ബാങ്കിന് വ്യവസ്ഥയുണ്ടെങ്കിൽ വ്യാജവിലാസത്തിൽ അവർക്ക് ലോണും, മെമ്പർഷിപ്പും എന്തിനാണ് നൽകിയെന്നത് വ്യക്തമാക്കുമോ;

എച്ച്) ഈ വിഷയം സഹകരണ വകുപ്പ് രജിസ്ട്രാർ നേരിട്ട് അന്വേഷണം നടത്തുന്നതിനും ഉത്തരവാദിയായ സംഘം ഭരണസമിതിയെ പിരിച്ചുവിടുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ജി യും എച്ചും ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതാണ്. അംഗത്വവും വായ്പയും നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ക്രമപ്രകാരമല്ലെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ കേരള സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.